## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.സി.കെ.സുകുമാരൻ, സീനിയർ സൂപ്രണ്ട് (റിട്ട), ഫയൽ ചെയ്ത സി.പി(സി) നം.115/2017 നമ്പർ കേസ്- ഒ.എ.നം.2203/2015 നമ്പർ കേസിലെ 03/11/2016-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം.355/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:06/02/2018

---

പരാമർശം :

1. ഗ്രാമ വികസന കമ്മീഷണറുടെ 02/03/2013 ലെ 16411/എസ്റ്റാബി2/2012/സിആർഡി നമ്പർ നടപടിക്രമം.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം.2203/2015 നമ്പർ കേസിലെ 03/11/2016-ലെ വിധിന്യായം
3. ജി.ഒ (ആർ.റ്റി) നം.1090/2017/തസ്വഭവ തീയതി 05/04/2017
4. ശ്രീ.സി.കെ സുകുമാരൻ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത സി.പി(സി) നം.115/2017 നമ്പർ കേസ്
5. ജി.ഒ (ആർ.റ്റി) നം.3020/2017/തസ്വഭവ തീയതി 11/09/2017.
6. ഗ്രാമവികസന കമ്മീഷണറുടെ 12/10/2017 ലെ 11990/എസി&എഡി2/2011/ സിആർഡി നമ്പർ നടപടിക്രമം.
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സിപി(ഇകെഎം)-115/2017 in ഒ.എ-2203/2015 നമ്പർ കേസിലെ 13/12/2017 ലെ ഇടക്കാല ഉത്തരവ്.

## ഉത്തരവ്

ഗ്രാമ വികസന വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.സി.കെ.സുകുമാരൻ, ഹെഡ്ക്ലാർക്കായിരിക്കെ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് 29/06/2001-ൽ വയനാട് ജില്ലാ കളക്ടർ ടിയാനെ സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും 04/08/2012-ലെ ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലം ക്രമീകരിക്കുകയും ചെയ്തു. ടിയാനെതിരെ ഉണ്ടായിരുന്ന വിജിലൻസ് കേസ്, 13/06/2012-ലെ ഉത്തരവ് പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് വയനാട് വിജിലൻസ് കോടതി തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ 16/08/2007 മുതൽ മുൻകാല പ്രാബല്യത്തോടെ സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായി. ടിയാന് ശമ്പളക്കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ലെന്നും KS&SSR Part II Rule 28(b) (i) പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളുവെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു.

സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ലഭിച്ച പ്രൊമോഷനെത്തുടർന്നുള്ള സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിനു വേണ്ടി ശ്രീ.സി.കെ.സുകുമാരൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ 2203/2015 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിന്റെ പരാമർശം(2)ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് പരാമർശം(3)പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിനെതിരെ ശ്രീ.സി.കെ.സുകുമാരൻ പരാമർശം (4) പ്രകാരം കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തു.

ശ്രീ.സി.കെ.സുകുമാരന് 01/06/2011 മുതൽ DCRG നൽകിയ തീയതി വരെയുള്ള കാലയളവിൽ 9% വാർഷിക പലിശ അനുവദിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകിക്കൊണ്ടും ബാക്കി ലീവ് സറണ്ടർ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ടും പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സർക്കാർ ഇക്കാര്യം വീണ്ടും വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ , സൂചന (2)ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം, ശ്രീ.സി.കെ.സുകുമാരന് സീനിയർ സൂപ്രണ്ട് തസ്തികയിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ടെർമിനൽ ലീവ് സറണ്ടറിൽ ബാക്കി നിൽക്കുന്ന തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം.2203/2015 നമ്പർ കേസിന്റെ 03/11/2016 ലെ ഉത്തരവ് ഇപ്രകാരം പൂർണ്ണമായി നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ. അജിത് കുമാർ ഐ.എ.എസ്**
**സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാംകുളം , (ആമുഖ കത്ത് സഹിതം ).
3) ശ്രീ.സി.കെ സുകുമാരൻ, സീനിയർ സൂപ്രണ്ട് (റിട്ട) (ഗ്രാമവികസന കമ്മീഷണർ മുഖേന)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) ധനകാര്യ വകുപ്പ് ( 22/01/2018 ലെ ഡബ്ല്യൂഡബ്ല്യൂ -1/25/2017/ധന പ്രകാരം)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ